മണലൂർ മണ്ഡലത്തിലെ മരാമത്ത് ജോലികൾ

309 (1394) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡ്സ്, ബിൽഡിംഗ്സ്, ദേശീയപാത വിഭാഗങ്ങൾ 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാം ;

(ബി) 2011-12 മുതൽ നാളിതുവരെ ഏതെല്ലാം പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിച്ചു; അവയുടെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) മണലൂർ, നാട്ടിക, കൈപ്പമംഗലം എന്നി നിയോജക മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന " Annual Plan-IRQP from Km 369/000 to 395/000 of NH-17 in state of Kerala" എന്ന 1286 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പ്രവൃത്തി കേന്ദ്ര ഫണ്ടുപയോഗിച്ച് 2012-13 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവർത്തി 29-8-2014-ൽ പൂർത്തികരിച്ചിട്ടുണ്ട്. നിരത്തു വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം I ആയും കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു.

കാലടി ശ്രീ ശങ്കരാചാര്യ സമാന്തരപാലം

310 (1395) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീശങ്കരാചാര്യ സമാന്തരപാലത്തിന്റെയും ബൈപാസ് റോഡിന്റെയും അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) തുക അനുവദിച്ചപ്പോൾ പരിഗണിക്കപ്പെട്ട അലൈൻമെന്റ് ഏതെന്നും നിലവിൽ പരിഗണനയിലുള്ള അലൈൻമെന്റ് ഏതെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അംഗികാരം നൽകിയിട്ടുണ്ട്.

(ബി) പാലത്തിന്റെ രണ്ട് വശത്തും സ്ഥലം വിട്ടു കിട്ടുകയാണെങ്കിൽ പാലം പണി ആരംഭിക്കാൻ സാധിക്കും.

(സി) ഇത അനുവദിക്കപ്പെട്ടപ്പോൾ അലൈൻമെന്റ് നിലവിലുള്ള പാലത്തിനോട് ചേർന്ന് സമാന്തര പാലം നിർമ്മിച്ച് നിലവിലുള്ള അപ്രോച്ച് റോഡിൽ ബന്ധിപ്പിക്കുന്നവിധത്തിലായിരുന്നു. ഇപ്പോൾ പരിഗണനയിലുള്ള അലൈൻമെന്റ് പ്രകാരം ബൈപ്പാസ് റോഡ് പെരുമ്പാവൂർ ഭാഗത്ത് നിലവിലുള്ള കടവ് റോഡിന് സമീപത്ത് നിന്ന് ആരംഭിച്ച് കാലടി ഭാഗത്ത് നിലവിലുള്ള പാലത്തിൽ നിന്നും ഏകദേശം 300 മീറ്റർ പടിഞ്ഞാറു ഭാഗത്തുമാറി പാലം നിർമ്മിച്ച് ബൈപ്പാസ് റോഡ് മറ്റൂർ ജംഗ്ഷനു സമീപം എയർപോർട്ട് റോഡിൽ സന്ധിക്കത്തക്ക വിധത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്.

മൊറാഴ-കണ്ണപുരം റോഡ് നിർമ്മാണം

311 (1396) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പ്രധാന ഡിസ്ട്രിക്ട് റോഡായ മൊറാഴ-കണ്ണപുരം റോഡ് ബി. എം & ബി. സി. ആക്കി ഉയർത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ മൊറാഴ-കണ്ണപുരം റോഡ് (കി.മീ.0/000 മുതൽ 7/250 വരെ) ബി.എം & ബി.സി. ആക്കി ഉയർത്തുന്നതിനുള്ള 820 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly